# വിമല കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ

## ഓൺലൈൻ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ PG :-

1. അഡ്മിഷന് ആവശ്യമായ വ്യക്തിപരവും അക്കാദമികവുമായ വിവരങ്ങൾ നൽകുന്നതിനായി അപേക്ഷകർ www.vimalacollege.edu.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് PG Admission 2019 എന്ന ലിങ്ക് അമർത്തുക.
2. പുതിയ അപേക്ഷകർ 'Register' എന്ന ബട്ടൺ അമർത്തുക. തുടർന്ന് വരുന്ന നിർദ്ദേശങ്ങൾ വായിച്ചു മനസിലാക്കി 'Proceed' ബട്ടൺ അമർത്തുക.
3. തുടർന്ന് വരുന്ന ഫോമിൽ ആവശ്യമായ വിവരങ്ങൾ നൽകിയതിന് ശേഷം 'Submit' ബട്ടൺ അമർത്തുക.
4. നിങ്ങൾ നൽകിയിരിക്കുന്ന ഇ-മെയിൽ ഐഡിയിലേക്ക് ഒരു യൂസർനെയിമും പാസ്‌വേർഡും ലഭിക്കുന്നതായിരിക്കും.
5. നിങ്ങളുടെ യൂസർനെയിമും പാസ്‌വേർഡും ഉപയോഗിച്ച് അക്കൗണ്ടിൽ ലോഗിൻ ചെയ്യുക.
6. അപേക്ഷാഫീസ് അടയ്ക്കുവാനുള്ള പേയ്മെന്റ് ഓപ്ഷൻ (ഓൺലൈൻ, കോളേജ് ചലാൻ,SIB ചലാൻ) തിരഞ്ഞെടുത്ത് 'Submit' ബട്ടൺ അമർത്തുക.
7. ഓൺലൈൻ ഓപ്ഷനിൽ ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ്, ഇന്റർനെറ്റ് ബാങ്കിങ്ങ് എന്നിവയിലൂടെ നിശ്ചിത ഫീസ് അടയ്ക്കാവുന്നതാണ്.
8. കോളേജ് ചലാൻ വഴിയാണ് ഫീസ് അടയ്ക്കുന്നതെങ്കിൽ ചലാൻ പ്രിന്റ് ഔട്ട് എടുത്ത് കോളേജ് ഓഫീസിൽ ഫീസ് അടയ്ക്കാവുന്നതാണ്.
9. SIB ചലാൻ വഴിയാണ് ഫീസ് അടയ്ക്കുന്നതെങ്കിൽ ചലാൻ പ്രിന്റ് ഔട്ട് എടുത്ത് അടുത്തുള്ള സൗത്ത് ഇന്ത്യൻ ബാങ്ക് ശാഖയിൽ അടയ്ക്കുക.
10. തുടർന്ന് വരുന്ന ആപ്ലിക്കേഷൻ ഫോമിൽ നിങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ, അക്കാദമിക യോഗ്യതകൾ, മാർക്കുകൾ, ചേരാനുദ്ദേശിക്കുന്ന കോഴ്സുകൾ എന്നിവ ശ്രദ്ധാപൂർവ്വം പൂരിപ്പിക്കുക.
11. പൂരിപ്പിച്ച വിവരങ്ങൾ ഉചിതമായ രേഖകളുമായി ഒത്ത് നോക്കി ശരിയെന്ന് ഉറപ്പുരുത്തുക.
12. മേൽപ്പറഞ്ഞ ഘട്ടങ്ങൾ പൂർത്തിയാക്കിയതിന് ശേഷം അപേക്ഷഫോമിന്റെ ഒരു പ്രിന്റ്ഔട്ട് നിങ്ങളുടെ കൈയ്യിൽ സൂക്ഷിക്കുക.
13. അപേക്ഷഫോമിന്റെ പ്രിന്റ്ഔട്ടും മാർക്ക് ലിസ്റ്റും കോളേജ് ഓഫീസിൽ 2019 ജൂൺ 5 ന് മുൻപ് എത്തിക്കേണ്ടതാണ്.
14. കമ്യൂണിറ്റി ക്വോട്ടയിൽ അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ അപേക്ഷഫോമിൽ 'Seat Reservation' എന്നതിൽ 'RC' എന്ന് സെലക്ട് ചെയ്യേണ്ടതാണ്. കമ്യൂണിറ്റി ക്വാട്ടയിലേക്ക് പ്രത്യേകം ഫോം ഉണ്ടായിരിക്കുന്നതല്ല. കമ്യൂണിറ്റി ക്വോട്ടയിൽ അഡ്മിഷൻ ലഭിച്ചവർ അപേക്ഷഫോമിൽ 'Certificate From the Parish' എന്ന ഭാഗത്ത് ഇടവക വൈദീകനെകൊണ്ട് സാക്ഷ്യപ്പെടുത്തി കൊണ്ട്‌വരേണ്ടതുമാണ്.

15. കൾച്ചറൽ, സ്പോർട്ട്സ്, PWD (Person with Disability) എന്നീ ക്വോട്ടകളിലേക്ക് അപേക്ഷിക്കുന്നവർ അപേക്ഷഫോമിൽ സെലക്ട് ചെയ്യുകയും അഡ്മിഷൻ സമയത്ത് ഒർജിനൽ സർട്ടിഫിക്കറ്റുകൾ കൊണ്ട് വരേണ്ടതുമാണ്.
16. മാനേജ്മെന്റ് ക്വോട്ടയിൽ അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ കോളേജ് വെബ്സൈറ്റിൽ നിന്നും മാനേജ്മെന്റ് ഫോം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് നിശ്ചിത ഫീസിനോടൊപ്പം ഓഫീസിൽ നേരിട്ട് എത്തിക്കുക.
17. താത്കാലിക റാങ്ക്ലിസ്റ്റിൽ പിഴവുകൾ ഉങ്കിൽ തെറ്റുകൾ തിരുത്താൻ നിർദ്ദേശിക്കുന്ന തിയതിയിൽ കോളേജിൽ അറിയിക്കേതാണ്.